**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5409** **21-07-2022 - ൽ മറുപടിയ്ക്ക്**

**കായിക പരിശീലന കേന്ദ്രങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കായിക പരിശീലന കേന്ദ്രങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ; | (എ) | **കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള കായിക പരിശീലന കേന്ദ്രങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലെയും സ്പോർട്സ് അക്കാഡമികളുടെയും പരിശീലകരുടെയും പ്രവർത്തനം വിലയിരുത്തുന്നതിനും പരിശോധിക്കുന്നതിനും ജില്ലാ സ്പോർട്സ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്പോർട്സ് അക്കാഡമികളുടെ പ്രവർത്തനങ്ങളിൽ എന്തെങ്കിലും പോരായ്മ ശ്രദ്ധയിൽപ്പെട്ടാൽ ആയത് യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.**<br><br>**കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള കായിക പരിശീലന കേന്ദ്രങ്ങളിൽ പരിശീലനത്തിനായി കായിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി ജെം (Government e-marketplace) മുഖേന കായിക ഉപകരണങ്ങൾ പർച്ചേസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.**<br><br>**കൂടാതെ വിവിധ കായിക അക്കാഡമികൾക്കായി ബജറ്റിൽ വകയിരുത്തുന്ന ഫണ്ട് പ്രസ്തുത അക്കാഡമികളിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് അനുവദിക്കാറുണ്ട്.** |
| (ബി) | മികച്ച കായിക താരങ്ങളെ വാർത്തെടുക്കാൻ സ്ഥാപിച്ചിട്ടുള്ള കായിക പരിശീലന കേന്ദ്രങ്ങളിൽ പരിശീലന ഉപകരണങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കാമോ? | (ബി) | **കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള കായിക പരിശീലന കേന്ദ്രങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലെയും സ്പോർട്സ് അക്കാഡമികളുടെയും പരിശീലകരുടെയും പ്രവർത്തനം വിലയിരുത്തുന്നതിനും പരിശോധിക്കുന്നതിനും ജില്ലാ** |

| | | | |
|---|---|---|---|
| | | | സ്പോർട്സ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്പോർട്സ് അക്കാഡമികളുടെ പ്രവർത്തനങ്ങളിൽ എന്തെങ്കിലും പോരായ്മ ശ്രദ്ധയിൽപ്പെട്ടാൽ ആയത് യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള കായിക പരിശീലന കേന്ദ്രങ്ങളിൽ പരിശീലനത്തിനായി കായിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി ജെം (Government e-marketplace) മുഖേന കായിക ഉപകരണങ്ങൾ പർച്ചേസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കൂടാതെ വിവിധ കായിക അക്കാഡമികൾക്കായി ബജറ്റിൽ വകയിരുത്തുന്ന ഫണ്ട് പ്രസ്തുത അക്കാഡമികളിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ